പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ .2013 — 12.02.13-ൽ മറുപടിക്ക്

## മുതലപ്പൊഴി മത്സ്യബന്ധന തുറമുഖ പദ്ധതി

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. വി. ശശി | | ശ്രീ. കെ.ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) | മുതലപ്പൊഴി മത്സ്യബന്ധന തുറമുഖ പദ്ധതിയ്ക്ക് എന്നാണ് തുടക്കം കുറിച്ചതെന്നും നാളിതുവരെ എത്ര തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കാമോ ; | (എ) | മുതലപ്പൊഴി മത്സ്യബന്ധന തുറമുഖ പദ്ധതിയ്ക്ക് 26-05-2000-ൽ സംസ്ഥാന സർക്കാരിന്റെ ഭരണാനുമതി നൽകുകയും നിർമ്മാണ പ്രവൃത്തികൾ ഏപ്രിൽ 2002-ൽ ആരംഭിക്കുകയും ചെയ്തു. ടി പദ്ധതിയ്ക്ക് ഇതുവരെ 1353.863 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത തുറമുഖത്തിന്റെ പുനർനിർമ്മാണത്തിന് എത്ര തുകയുടെ പ്രോജക്ടിനാണ് അംഗീകാരം നൽകിയതെന്നും, അംഗീകാരം നൽകിയ പ്രോജക്ടിലെ ഘടകങ്ങളും അവയ്ക്ക് ഓരോന്നിനും കണക്കാക്കായിട്ടുള്ള തുകയും വ്യക്തമാക്കാമോ ; | (ബി) | മുതലപ്പൊഴി മത്സ്യബന്ധന തുറമുഖത്തിന്റെ പുനർ നിർമ്മാണത്തിന് 3102 ലക്ഷം രൂപയുടെ പദ്ധതിയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ താഴെ പറയുന്ന ഘടകങ്ങൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്.<br>1) പുലിമുട്ടുകളുടെ അലൈൻമെന്റ് മാറ്റം വരുത്തുന്ന പ്രവൃത്തി 2350 ലക്ഷം<br>2) ലാന്റ് പ്രൊട്ടക്ഷൻ പ്രവൃത്തി 290 ലക്ഷം<br>3) ഡ്രഡ്ജിംഗ്, റിക്ലമേഷൻ 123 ലക്ഷം<br>4) ജലവിതരണം, വൈദ്യുതീകരണം 98.35 ലക്ഷം<br>5) അപ്രോച്ച് റോഡ് 36.00 ലക്ഷം<br>6) ലാവട്ടറി ബ്ലോക്ക്, റസ്റ്റ് റൂം, വെൽഫയർ ഓഫീസ് 12.89 ലക്ഷം<br>7) ചുറ്റുമതിൽ നിർമ്മാണം 5.00 ലക്ഷം<br>8) സീവേജ് & ഡ്രയിനേജ് 27.00 ലക്ഷം<br>9) നാവിഗേഷൻ എയ്ഡ് 10.00 ലക്ഷം<br>10) സർവ്വേ ഇൻസ്ട്രുമെന്റ്സ്, വേബ്രിഡ്ജ് 4.30 ലക്ഷം<br>11) ഗ്രീൻബെൽറ്റ് 0.92 ലക്ഷം<br>12) കണ്ടിൻജൻസി & എസ്റ്റാബ്ലിഷ് മെന്റ് 144.54 ലക്ഷം<br>ആകെ 3102.00 ലക്ഷം |

| | | | |
|---|---|---|---|
| (സി) | മുതലപ്പൊഴി തുറമുഖ പ്രോജക്ട് നടപ്പാക്കുന്നതിന് ഇതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്നും, ഇതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ എന്ന് തുടങ്ങാനാകുമെന്നും, എത്ര സമയംകൊണ്ട് പൂർത്തിയാക്കാനാവുമെന്നും വിശദീകരിക്കാമോ ? | | മുതലപ്പൊഴി മത്സ്യബന്ധന തുറമുഖ പദ്ധതിക്കായി സർക്കാരിൽ നിന്നും 3102 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിക്കുകയും അതിൻപ്രകാരം നിലവിലുള്ള പുലിമുട്ടിന്റെ കുറച്ച് ഭാഗം നീക്കം ചെയ്ത് താഴമ്പള്ളി, പെരുമാതുറ ഭാഗങ്ങളിൽ പുതിയ പുലിമുട്ടുകൾ നിർമ്മിക്കൽ, ലാന്റ് പ്രൊട്ടക്ഷൻ എന്നിവയ്ക്കായി 2550 ലക്ഷം രൂപയുടെ സാങ്കേതികാനുമതി നൽകി 17-08-2012-ൽ ടെണ്ടർ ക്ഷണിക്കുകയും ടെണ്ടർ ചീഫ് സെക്രട്ടറി ചെയർമാനായുള്ള കമ്മറ്റി അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. സർക്കാർ നടപടികൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് കരാറുകാരനുമായി ഉടമ്പടിയിലേർപ്പെട്ട് ഈ സാമ്പത്തിക വർഷം തന്നെ പ്രവൃത്തി ആരംഭിക്കാൻ കഴിയുന്നതാണ്. മേൽപറഞ്ഞ പ്രവൃത്തികൾ 18 മാസം കൊണ്ട് പൂർത്തിയാക്കാൻ കഴിയും. |

Jayasree

സെക്ഷൻ ഓഫീസർ